# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 24-05-2026**

## പ്രധാനവാർത്തകൾ

1. ആഫ്രിക്കയിൽ എബോള പടരുന്ന സാഹചര്യത്തിൽ മുൻകരുതൽ നടപടികൾ ശക്തമാക്കി ഇന്ത്യ. രോഗം റിപ്പോർട്ട് ചെയ്യുന്ന രാജ്യങ്ങളിലേക്കുള്ള യാത്ര ഒഴിവാക്കാൻ നിർദ്ദേശം.

2. കേരളം വ്യവസായസൗഹൃദ സംസ്ഥാനമെന്ന് മന്ത്രി പി കെ കുഞ്ഞാലിക്കുട്ടി. വിവര സാങ്കേതികവിദ്യ, നിർമിതബുദ്ധി, ഭക്ഷ്യസംസ്കരണ മേഖലകളിൽ സാധ്യത ഏറെയെന്നും മന്ത്രി.

RNUTVPM

3. കോഴിക്കോട് ജില്ലയിൽ ഒരു കുട്ടിക്ക് കൂടി ഷിഗല്ല രോഗം റിപ്പോർട് ചെയ്യു. പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതം.

4. ബലിപെരുന്നാൾ പ്രമാണിച്ച് സംസ്ഥാനത്ത് 27, 28 തീയതികളിൽ പൊതുഅവധി പ്രഖ്യാപിച്ചു. എല്ലാ സർക്കാർ–പൊതുമേഖലാ സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധി ബാധകം.

5. സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത. ഏഴ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. കേരള,- കർണാടക,- ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ. മുംബൈ ഇന്ത്യൻസ്, രാജസ്ഥാൻ റോയൽസിനെയും; കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, ഡൽഹി ക്യാപിറ്റൽസിനേയും നേരിടും.

&&&&&&&&&&&&&&&&&&&

<u>എബോള- ഇന്ത്യ</u>

ആഫ്രിക്കയിൽ എബോള രോഗം പടർന്നുപിടിക്കുന്ന സാഹചര്യത്തിൽ മുൻകരുതൽ നടപടികൾ ശക്തമാക്കി ഇന്ത്യ. കോംഗോ, യുഗാണ്ട, ദക്ഷിണ സുഡാൻ എന്നീ രാജ്യങ്ങളിലേക്കുള്ള യാത്രകൾ ഒഴിവാക്കാൻ കേന്ദ്രസർക്കാർ പൗരന്മാർക്ക് നിർദ്ദേശം നൽകി. നിലവിൽ ഈ രാജ്യങ്ങളിൽ താമസിക്കുന്നവരും യാത്രചെയ്യുന്നവരുമായ ഇന്ത്യക്കാർ ജാഗ്രത പുലർത്തണമെന്നും, പ്രാദേശിക ഭരണകേന്ദ്രങ്ങൾ നൽകുന്ന ആരോഗ്യ മാർഗ്ഗനിർദ്ദേശം കർശനമായി പാലിക്കണമെന്നും വിദേശകാര്യ--ആരോഗ്യ മന്ത്രാലയങ്ങൾ അറിയിച്ചു. ഇന്ത്യയിൽ ഇതുവരെ എബോള കേസുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം വ്യക്തമാക്കി.

RNU TVPM

&&&&&&&&&&&&&&&&&&&

<u>കുഞ്ഞാലിക്കുട്ടി</u>

കേരളം വ്യവസായസൗഹൃദ സംസ്ഥാനം തന്നെയാണെന്ന് മന്ത്രി പി കെ കുഞ്ഞാലിക്കുട്ടി. വിവര സാങ്കേതികവിദ്യ, നിർമിതബുദ്ധി, ഭക്ഷ്യസംസ്കരണം തുടങ്ങിയ മേഖലകളിൽ കേരളത്തിന് ധാരാളം സാധ്യതകളുണ്ടെന്നും അദ്ദേഹം പറഞ്ഞു. വ്യവസായം തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ

ലഘൂകരിക്കാൻ കഴിഞ്ഞ സർക്കാർ കുറേയെറെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ നടപടികൾ സ്വീകരിക്കുമെന്നും വ്യവസായ മന്ത്രി മാധ്യമപ്രവർത്തകരോടു പറഞ്ഞു.

&&&&&&&&&&&&&&&&&&&

**<u>കെ മുരളീധരൻ</u>**

സംസ്ഥാനത്ത് നിലവിലുള്ള മെഡിക്കൽ കോളേജുകളുടെ എണ്ണം വർധിപ്പിക്കുമെന്നും സൗകര്യം മെച്ചപ്പെടുത്തുമെന്നും മന്ത്രി കെ മുരളീധരൻ. തിരുവനന്തപുരത്തും ഹരിപ്പാടും പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കാൻ തീരുമാനമെടുത്തതായും ശ്രീ മുരളീധരൻ മാധ്യമങ്ങളോട് പറഞ്ഞു. ഡോക്ടറുമാരുടെ എണ്ണം വർധിപ്പിക്കുമെന്നും അദ്ദേഹം അറിയിച്ചു.

&&&&&&&&&&&&&&&&&&&

**<u>രത്തൻ യു കേൽക്കർ</u>**

RNU TVPM

മുഖ്യമന്ത്രിയുടെ സെക്രട്ടറിയായി, രത്തൻ യു കേൽക്കർ IAS ചുമതലയേറ്റു. സംസ്ഥാനത്ത്, സിവിൽ സർവീസ് ഉദ്യോഗസ്ഥരെ പുനർവിന്യസിച്ച് ഉത്തരവിറങ്ങിയിരുന്നു. വിവിധ ജില്ലകളുടെയും വകുപ്പുകളുടെയും ചുമതല വഹിച്ച ഉദ്യോഗസ്ഥർക്കും മാറ്റമുണ്ട്.

&&&&&&&&&&&&&&&&&&&

**<u>ഷിഗല്ല</u>**

കോഴിക്കോട് ജില്ലയിൽ ഒരു കുട്ടിക്ക് കൂടി ഷിഗല്ല രോഗം റിപ്പോർട്ട് ചെയ്തു. മെഡിക്കൽ കോളെജിൽ

ചികിൽസയിലുള്ള കുട്ടിക്കാണ് രോഗബാധ. കുട്ടിയുടെ ആരോഗ്യ നില തൃപ്തികരമെന്ന് അധികൃതർ അറിയിച്ചു. പെരുമണ്ണ പഞ്ചായത്തിൽ രണ്ടു കുട്ടികൾക്ക് ഷിഗല്ല റിപ്പോർട് ചെയ്ത സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കി. ക്ലോറിനേഷൻ പ്രവർത്തനങ്ങൾആരംഭിച്ചു. ജല സാമ്പിളുകൾ പരിശോധനക്ക് അയച്ചു.

&&&&&&&&&&&&&&&&&&&&

## പ്ലസ് ടു പരീക്ഷാഫലം

രണ്ടാം വർഷ ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർസെക്കൻഡറി പരീക്ഷകളുടെ ഫലം മറ്റന്നാൾ ഉച്ചകഴിഞ്ഞ് 3 മണിക്ക് പൊതുവിദ്യാഭ്യാസ മന്ത്രി എൻ. ഷംസുദ്ദീൻ പ്രഖ്യാപിക്കും. ഔദ്യോഗിക വെബ്സൈറ്റുകളിൽ ഫലം ലഭ്യമാകും. അതേസമയം പുതിയ അധ്യയന വർഷത്തെ പ്ലസ് വൺ അപേക്ഷാ സമർപ്പണം നാളെ ആരംഭിക്കും. ഓൺലൈൻ വഴിയാണ് അപേക്ഷിക്കേണ്ടത്.

RNU TVPM

&&&&&&&&&&&&&&&&&&&&

## സിബിഎസ് സി

പന്ത്രണ്ടാം ക്ലാസ് ബോർഡ് പരീക്ഷയിലെ ഉത്തരക്കടലാസുകളുടെ സ്കാൻ ചെയ്ത പകർപ്പുകൾ ലഭിക്കാൻ അപേക്ഷിക്കുന്നതിനുള്ള സമയപരിധി ഇന്ന് അവസാനിക്കും. ഉത്തരക്കടലാസുകളുടെ പകർപ്പ് ലഭിച്ച ശേഷം പുനർ മൂല്യനിർണ്ണയത്തിന് അപേക്ഷിക്കാൻ വിദ്യാർത്ഥികൾക്ക് രണ്ട് ദിവസത്തെ സമയം നൽകിയതായി CBSE അറിയിച്ചു.

&&&&&&&&&&&&&&&&&&&&

**<u>പാലക്കാട്- ഇൻട്രോ</u>**

സ്കൂൾ തുറക്കാൻ ദിവസങ്ങൾ മാത്രം ബാക്കിനിൽക്കെ പാലക്കാട് ജില്ലയിലെ സ്കൂളുകളുടെ ഫിറ്റ്നസ് പരിശോധന പുരോഗമിക്കുന്നു. ജില്ലയിലെ 40 ശതമാനത്തോളം സ്കൂളുകളുടെ പരിശോധന പൂർത്തിയാക്കി ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ട്.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ല പ്രതിനിധി ഫൈസൽ അലിമുത്ത്....**

**(വോയിസ്)**

**&&&&&&&&&&&&&&&&&&&**

**<u>പുഞ്ചകൃഷി- ഇൻട്രോ</u>**

വയനാട്ടിലെ പാടശേഖരങ്ങളിൽ പുഞ്ചക്കൃഷിയുടെ കൊയ്ത്ത് ആരംഭിച്ചു. മഴ ശക്തമാകുന്നു മുൻപ് കൊയ്ത്ത് പൂർത്തിയാക്കാനുള്ള ഒരുക്കത്തിലാണ് കർഷകർ.

**ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെൻറ് തയ്യാറാക്കിയ റിപ്പോർട്ട്....**

**(വോയിസ്)**

**&&&&&&&&&&&&&&&&&&&**

**<u>മഴ - കേരളം</u>**

സംസ്ഥാനത്ത് ബുധനാഴ്ചവരെ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് പത്തനംതിട്ട മുതൽ തൃശ്ശൂർ വരെയുള്ള ജില്ലകളിലും മലപ്പുറത്തും, ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയാണ്. ശക്തമായ

RNU TVPM

കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ ഈ മാസം 27 വരെ കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&&&&&&

## ആലപ്പുഴ മഴ- ഇൻട്രോ

കനത്ത മഴയെ തുടർന്ന് ആലപ്പുഴ ജില്ലയിലെ താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറി. ദേശിയ പാത പുനർ നിർമ്മാണം അടക്കമുള്ള വികസന പ്രവർത്തനങ്ങളും, കായലോര ടൂറിസവും പ്രതിസന്ധിയിലാണ്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ

(വോയിസ്)

&&&&&&&&&&&&&&&&&&&

## പൊതു അവധി

ബലി പെരുന്നാൾ പ്രമാണിച്ച് സംസ്ഥാനത്ത് രണ്ട് ദിവസം പൊതു അവധി പ്രഖ്യാപിച്ചു. ഈ മാസം 27,28 തീയതികളിലാണ് അവധി. സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾക്കും, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും കൂടാതെ നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്ട് പ്രകാരമുള്ള സ്ഥാപനങ്ങൾക്കും അവധി ആയിരിക്കും. 27നാണ് നേരത്തെ അവധി പ്രഖ്യാപിച്ചിരുന്നത്. മാസപ്പിറവി പ്രകാരം 28നാണ് കേരളത്തിൽ ബലിപെരുന്നാൾ ആഘോഷം. ബാങ്കുകൾക്കും രണ്ട് ദിവസം അവധി ആയിരിക്കും.

RNU TVPM

&&&&&&&&&&&&&&&&&&&

<u>ശബരിമല</u>

പ്രതിഷ്ഠാ ദിന പൂജകൾക്കായി ശബരിമല നട നാളെ തുറക്കും. 26 നാണ് പ്രതിഷ്ഠാദിനം. അന്നേദിവസം രാത്രി 10 ന് നട അടക്കും.

&&&&&&&&&&&&&&&&&&&

<u>ഐപിഎൽ</u>

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ. ഉച്ചയ്ക്ക് 3.30-ന് മുംബൈ വാങ്കഡെ സ്റ്റേഡിയത്തിൽ നടക്കുന്ന മത്സരത്തിൽ മുംബൈ ഇന്ത്യൻസ് രാജസ്ഥാൻ റോയൽസിനെ നേരിടും. വൈകിട്ട് 7.30-ന് കൊൽക്കത്ത ഈഡൻ ഗാർഡൻസിൽ നടക്കുന്ന രണ്ടാം മത്സരത്തിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് ഡൽഹി ക്യാപിറ്റൽസുമായി ഏറ്റുമുട്ടും.

RNU TVPM

&&&&&&&&&&&&&&&&&&&

<u>ഫ്രഞ്ച് ഓപ്പൺ</u>

ഫ്രഞ്ച് ഓപ്പൺ ടെന്നീസിന്റെ 125—-ാാം പതിപ്പിന് ഇന്ന് പാരീസിൽ തുടക്കമാകും. പുരുഷ സിംഗിൾസിൽ 25—-ാാം ഗ്രാൻഡ്സ്ലാം കിരീടം ലക്ഷ്യമിട്ടാണ് ഇതിഹാസ താരം നൊവാക് ജോക്കോവിച്ച് കോർട്ടിലിറങ്ങുന്നത്. ഫ്രഞ്ച് താരം ജിയോവാനി എംപെത്ഷി പെരിക്കാർഡാണ് ജോക്കോവിച്ചിന്റെ എതിരാളി.

&&&&&&&&&&&&&&&&&&&

<u>മൻ കി ബാത്ത്</u>

പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്ത്' ഈ മാസം 31-ന്. പരിപാടിയിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയോ, നമോ ആപ്പിലൂടെയോ, My gov ഓപ്പൺ ഫോറത്തിലൂടെയോ ഈ മാസം 29 വരെ സമർപ്പിക്കാം.

**&&&&&&&&&&&&&&&&&&&**

<u>സ്വർണ്ണ വില</u>

സ്വർണ്ണ വിലയിൽ മാറ്റമില്ല. പവന് ഒരു ലക്ഷത്തി 16,640 രൂപയും ഗ്രാമിന് 14, 580 രൂപയുമാണ് ഇന്നത്തെ വില.

**&&&&&&&&&&&&&&&&&&&**

RNU TVPM

<u>വയനാട് ടൗൺഷിപ്പ്</u>

വയനാട് ടൗൺഷിപ്പ് സംബന്ധിച്ച് മന്ത്രിസഭാ ഉപസമിതി യോഗം ഉടൻ ചേരുമെന്ന് കൃഷി മന്ത്രി ടി സിദ്ദിഖ്. സമ്പൂർണ്ണ പുനരധിവാസമാണ് സർക്കാർ ലക്ഷ്യം വെക്കുന്നതെന്നും അതിനായി കർമ്മ പദ്ധതി തയ്യാറാക്കുമെന്നും അദ്ദേഹം പറഞ്ഞു.

**&&&&&&&&&&&&&&&&&&&**

<u>പത്തനംതിട്ട അപകടം</u>

പത്തനംതിട്ട പറക്കോട് നിയന്ത്രണം വിട്ട ടോറസ് ലോറി വീടിനു മുകളിലേക്ക് മറിഞ്ഞ് ഉറങ്ങിക്കിടന്ന വീട്ടമ്മ മരിച്ചു. പറക്കോട് സ്വദേശിനി മറിയം ബീവി ആണ് മരിച്ചത്. പുലർച്ചെ മൂന്നോടെയായിരുന്നു അപകടം. നാട്ടുകാരും ഫയർഫോഴ്സും

പൊലീസും സ്ഥലത്തെത്തി രക്ഷാപ്രവർത്തനം നടത്തിയെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

&&&&&&&&&&&&&&&&&&&

തീപിടിത്തം- മരണം

കോഴിക്കോട് കാർ കത്തി യുവതി മരിച്ച സംഭവത്തിൽ പൊള്ളലേറ്റ് ചികിൽസയിലായിരുന്ന ഭർത്താവും മരിച്ചു. ചെറുവണ്ണൂർ സ്വദേശി രജിൻ ലാലാണ് മരിച്ചത്. കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിൽസിലായിരുന്നു. സംഭവത്തിൽ അന്വേഷണം പുരോഗമിക്കുകയാണ്.

&&&&&&&&&&&&&&&&&&&

&&&&&&&&&&&&&

&&&

RNU TVPM